**സബ്മിഷൻ**

(1) വിഴിഞ്ഞം കേന്ദ്രമാക്കി കോടതി

ശ്രീ. എം. വിൻസെന്റ്: സർ, തിരുവല്ലം, വിഴിഞ്ഞം, കോവളം, കാഞ്ഞിരംകുളം, പൂവ്വാർ എന്നീ പോലീസ് സ്റ്റേഷനുകളെ ബന്ധപ്പെടുത്തി സിവിൽ അധികാരങ്ങളോടുകൂടിയ ഒരു കോടതി വിഴിഞ്ഞത്ത് സ്ഥാപിക്കണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

ഒരു തുറമുഖ നഗരമായി മാറാൻ പോകുന്ന വിഴിഞ്ഞവും അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ കോവളവും ഉൾപ്പെടുന്ന ഈ പ്രദേശങ്ങളെ ഉൾപ്പെടുത്തിയാണ് ഈ കോടതി ഉണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. കഴിഞ്ഞ 10 വർഷത്തിനിടയിൽ ഈ സ്റ്റേഷനുകളിൽ ഉണ്ടായിട്ടുള്ള കേസുകളുടെ എണ്ണത്തെ കുറിച്ച് എന്റെ ഒരു ചോദ്യത്തിന് അങ്ങ് നൽകിയ മറുപടി, 85617 കേസുകൾ എന്നാണ്. അതായത് ശരാശരി 8500 കേസുകൾ ഈ സ്റ്റേഷനുകളിൽനിന്ന് മാത്രമായി ഉണ്ടാകുകയാണ്. അതുമാത്രമല്ല, നെയ്യാറ്റിൻകര കോടതിയാണ് ഇതിന്റെ പരിധിയിൽ വരുന്നത്. ആ കോടതിയിൽ മാത്രം 13522 കേസുകൾ ഈ അഞ്ച് സ്റ്റേഷനുകളിലായി പെന്റിംഗിലാണ്. തിരുവല്ലത്തുനിന്നും വിഴിഞ്ഞത്ത്

നിന്നുമെല്ലാം നെയ്യാറ്റിൻകര കോടതിയിലേയ്ക്ക് പോകണമെങ്കിൽ 20-25 കിലോമീറ്റർ യാത്ര ചെയ്യണം. ഒരു ബസ്സിൽ പോകാനും കഴിയില്ല. യാത്രാദുരിതവും ജനങ്ങൾക്ക് സാമ്പത്തിക പ്രശ്നങ്ങളും ഉണ്ടാകുന്നു എന്നുമാത്രമല്ല, കേസുകൾ അധികം കെട്ടിക്കിടക്കുന്നതുകൊണ്ട് നീതി വൈകി ലഭിക്കുന്നതിനുള്ള സാഹചര്യവും അവിടെ ഉണ്ടാകുകയാണ്.

വിഴിഞ്ഞം ഒരു അന്താരാഷ്ട്ര തുറമുഖമായി വളരുമ്പോൾ ആയിരക്കണക്കിന് ആളുകളും സംരംഭങ്ങളും അവിടെ ഉണ്ടാകാൻ പോകുകയാണ്. ഈ ഒരു പശ്ചാത്തലത്തിൽ കേസുകളുടെ എണ്ണം ഇനിയും വർദ്ധിക്കാൻ പോകുന്നു. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിനും ഒരു തുറമുഖ നഗരംകൂടിയായി മാറുന്ന വിഴിഞ്ഞം കേന്ദ്രമാക്കി ഒരു കോടതി അനുവദിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗത്തെ നിരാശപ്പെടുത്തുന്ന മറുപടിയാണ് എനിക്ക് പറയുവാനുള്ളത്. സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനായി ബഹുമാനപ്പെട്ട

ഹൈക്കോടതി നൽകിയ നിർദ്ദേശം കണക്കിലെടുത്ത് സർക്കാർ അംഗീകരിച്ച മുൻഗണനാ പട്ടിക നിലവിലുണ്ട്. ആ പട്ടികയിൽ വിഴിഞ്ഞം ഉൾപ്പെടുന്നില്ല. നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. ഇക്കാരണത്താൽ വിഴിഞ്ഞം കേന്ദ്രീകരിച്ച് കോടതി ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

## (2) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല കോ-ഓർഡിനേറ്റർമാരുടെ പ്രതിഫലം

ഡോ. എം. കെ. മുനീർ: സർ, സംസ്ഥാനത്തെ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തെ കൂടുതൽ ഫലപ്രദവും കാര്യക്ഷമവും ആക്കുക എന്ന ലക്ഷ്യത്തോടെയാണ് ഒരു വർഷംമുൻപ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല സ്ഥാപിച്ചത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ കുതിച്ചുചാട്ടം പ്രതീക്ഷിച്ച് ആരംഭിച്ച സർവ്വകലാശാല ഇന്നും മുട്ടിലിഴയുന്ന അവസ്ഥയാണ്. വിദ്യാർത്ഥികളെ സങ്കീർണ്ണതകളിലൂടെ മുന്നോട്ടുകൊണ്ടുപോയി അതിന്റെ നടുക്കടലിൽത്തന്നെ ഓപ്പൺ സർവ്വകലാശാല നിർത്തിയിരിക്കുന്നു എന്നത് ഈ സഭ പലവട്ടം

ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണ്.

കോഴ്സിന്റെ അംഗീകാരത്തിനായി അപേക്ഷിക്കുമ്പോൾ പാഠ്യപദ്ധതികളുടെ അടക്കമുള്ള വിശദമായ രേഖകൾ യു.ജി.സി.-ക്ക് സമർപ്പിക്കേണ്ടതുണ്ട്. പഠിതാക്കൾക്ക് ഭാവിയിൽ നൽകേണ്ട സെൽഫ് ലേർണിംഗ് മെറ്റീരിയൽസിന്റെ വിശദാംശം ഉൾപ്പെടെ പരിഗണിച്ചാണ് യു.ജി.സി. ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നത്. ഇവിടെ സെൽഫ് ലേർണിംഗ് മെറ്റീരിയൽസിന്റെ പ്രാഥമിക മാതൃകപോലും തയ്യാറാക്കപ്പെട്ടിട്ടില്ല. ഇത്തരം പഠന സഹായികൾ തയ്യാറാക്കുന്നതിനായി ഇപ്പോൾ വിദഗ്ദ്ധരായ കണ്ടന്റ് റൈറ്റേഴ്സിനെ തേടിക്കൊണ്ടിരിക്കുകയാണ്. നിലവിലുണ്ടായിരുന്ന കണ്ടന്റ് റൈറ്റേഴ്സ്, സ്പെഷ്യൽ കോ-ഓർഡിനേറ്റർമാർ എന്നിവർക്ക് കഴിഞ്ഞ 5 മാസമായി പ്രതിഫലം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. പ്രതിഫലം ലഭിക്കാതെയായപ്പോൾ ഉണ്ടായിരുന്നതിൽ ബഹുഭൂരിപക്ഷം കണ്ടന്റ് റൈറ്റേഴ്സും സ്പെഷ്യൽ കോ-ഓർഡിനേറ്റർമാരും ഈ പ്രവർത്തനത്തിൽനിന്നും വിട്ടുമാറാൻ തുടങ്ങിയിട്ടുണ്ട്. തയ്യാറാക്കപ്പെട്ട പഠന സഹായികൾ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനായി ഇപ്പോഴും കോ-

ഓർഡിനേറ്റർമാരുടെ പക്കലാണ്. ഇത്തരം ഒരു വിദഗ്ദ്ധ സമിതിതന്നെ രൂപീകരിച്ചിട്ടുണ്ടോ എന്നത് സംശയമാണ്. വീണ്ടും ഇത് പ്രതിസന്ധിയിലേയ്ക്കാണ് നീങ്ങുന്നത്. എന്ത് പ്രതിസന്ധിയുണ്ടായാലും ഒക്ടോബറിൽ ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിക്കുമെന്ന് സർക്കാർ ഈ സഭയിൽ ഉറപ്പ് നൽകിയിട്ടുള്ളതുമാണ്. അത് പാലിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് കണ്ടന്റ് റൈറ്റേഴ്സിനും സ്പെഷ്യൽ കോ-ഓർഡിനേറ്റർമാർക്കും നൽകുവാനുള്ള 5 മാസത്തെ പ്രതിഫലം നൽകിയാൽ മാത്രമേ കൂടുതൽ പഠന സാമഗ്രികൾ തയ്യാറാക്കി നൽകാൻ സാധിക്കുകയുള്ളൂ. ഈ സെൽഫ് ലേർണിംഗ് മെറ്റീരിയൽസ് തയ്യാറാക്കി നൽകിയാൽ മാത്രമേ ഓപ്പൺ സർവ്വകലാശാലയ്ക്ക് അംഗീകാരം ലഭിക്കുകയുള്ളൂ. ആദ്യം നമ്മൾ പറഞ്ഞ പ്രതിഫലം എന്തായിരുന്നു; പിന്നീട് കൊടുത്ത പ്രതിഫലം എന്താണ്; ഇപ്പോൾ തീരെ കൊടുക്കാത്ത അവസ്ഥ എങ്ങനെയുണ്ടായി എന്നുള്ളത് പരിശോധിച്ച് ഇതിന് പരിഹാരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല കണ്ടന്റ് റൈറ്റിംഗ്

ആരംഭിച്ചത് എഴുത്തുകാർ സർവ്വകലാശാലയിൽ ഒരുമിച്ചിരുന്ന് ഉള്ളടക്കം വികസിപ്പിക്കുന്ന രീതിശാസ്ത്രം പ്രയോഗിച്ചുകൊണ്ടാണ്. ഈ കാലയളവിൽ മാസാടിസ്ഥാനത്തിലാണ് പ്രതിഫലം നൽകിയിരുന്നത്. അത് കൃത്യമായി നൽകുകയും ചെയ്തു. സർക്കാരിന്റെ കോവിഡ് പ്രോട്ടോക്കോളിന്റെ ഭാഗമായി ലോക്ഡൗൺ കാലയളവിൽ സമ്പർക്ക ഇടപെടൽ നിർത്തിവച്ചതോടെ ഈ രീതിയിലുള്ള കണ്ടന്റ് റൈറ്റിംഗ് സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവസാനിപ്പിച്ചു. കോവിഡ് പ്രോട്ടോക്കോൾ നിലവിൽ വന്നതോടെ ക്യാമ്പസ് അധിഷ്ഠിതമായ പ്രവർത്തനരീതിയിലൂടെ ഉള്ളടക്കം വികസിപ്പിക്കുന്ന രീതിശാസ്ത്രം നിർത്തിവച്ചു. പകരം കണ്ടന്റ് റൈറ്റർക്ക് സൗകര്യപ്രദമായ രീതിയിൽ സർവ്വകലാശാലാ നിബന്ധനകൾക്കനുസരിച്ച് എഴുതി സമർപ്പിക്കുന്ന പാഠഭാഗത്തിന് പ്രതിഫലം നൽകുന്ന രീതിയിലേയ്ക്ക് മാറി. ഔട്ട് കം ബേസ് ഫോർമാറ്റിലേയ്ക്ക് മാറി. ഈ ഘട്ടത്തിൽ ഇതിൽ പങ്കുചേർന്ന എഴുത്തുകാർ മാസ ശമ്പളാടിസ്ഥാനത്തിലല്ല പ്രവർത്തിക്കുന്നത്. വീട്ടിൽ ഇരുന്ന് എഴുതാൻ താൽപ്പര്യമുള്ളവർക്ക് തുടരാനുള്ള അനുമതിയും നൽകി. എഴുതിക്കഴിഞ്ഞ പാഠഭാഗങ്ങൾ സർവ്വകലാശാലാ നിയമങ്ങൾക്കനുസരിച്ച് അവലോകനത്തിനും വിശകലനത്തിലും

വിധേയമാക്കി പ്രതിഫലം നിശ്ചയിക്കുന്ന രീതിയാണ് ഇപ്പോഴുള്ളത്. തൻമൂലം പ്രതിഫലം എഴുത്തുകാരുടെ പ്രവൃത്തിയുടെ അടിസ്ഥാനത്തിലാണ് നൽകുന്നത്. ഇതേത്തുടർന്ന് ചില എഴുത്തുകാർ സ്വയം വിട്ടുതൽ ചെയ്തുപോയിട്ടുണ്ട്. എഴുതിത്തീർത്ത ഭാഗങ്ങൾ അവലോകനം ചെയ്ത് സർവ്വകലാശാലയുടെ ഗുണപരമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തി എഴുത്തുകാർ, കോ-ഓർഡിനേറ്റർ, പ്രോഗ്രാം സ്പെസിഫിക് കോ-ഓർഡിനേറ്റർ എന്നിവർക്ക് പ്രതിഫലം നൽകുന്ന പ്രക്രിയ നടന്നുവരികയാണ്. ഇത് സർവ്വകലാശാല അംഗീകരിച്ച നടപടിക്രമങ്ങളുടെ ഭാഗമായുള്ള പ്രക്രിയകൾ അനുസരിച്ച് നടന്നുവരികയാണ്. ചെയ്ത പ്രവൃത്തികൾക്ക് ആനുപാതികമായി പ്രവൃത്തികൾ നിർവ്വഹിച്ച എല്ലാവർക്കും പ്രതിഫലം ലഭിക്കുമെന്ന് ഉറപ്പ് വരുത്തുന്നതാണ്.

## (3) ഭവനനിർമ്മാണം നടത്താൻ കഴിയാത്ത പദ്ധതി ഉപഭോക്താക്കളുടെ പലിശ ഒഴിവാക്കൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, തദ്ദേശഭരണ സ്ഥാപനതലത്തിൽ നടത്തുന്ന വിവിധ ഭവന പദ്ധതികൾക്ക്, പി.എം.എ.വൈ., ലൈഫ് മിഷൻ തുടങ്ങിയവയ്ക്ക് ഇ.എം.എസ്. ഭവന പദ്ധതിയിൽ ഇറക്കുന്ന ഉത്തരവുകളാണ് ബാധകമായിട്ടുള്ളത്. ഇതിൽ ഭവനനിർമ്മാണം പൂർത്തിയായിക്കഴിഞ്ഞ്

ഏതെങ്കിലും അടിയന്തര സാഹചര്യത്തിൽ ഭവനം വിൽക്കേണ്ടതായി വന്നാൽ 12 ശതമാനം നിരക്കിൽ പലിശകൂടി ഈടാക്കി കരാർ റദ്ദുചെയ്ത് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് ഭവനനിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ളതാണ്. എന്നാൽ, പി.എം.എ.വൈ., ലൈഫ് മിഷൻ പദ്ധതികളിൽ കരാർ വയ്ക്കുകയും വിവിധ സാഹചര്യങ്ങളിൽ ഭവന നിർമ്മാണം കഴിയാതെ വരികയും കരാർ റദ്ദ് ചെയ്യാൻ അപേക്ഷ നൽകുന്ന ഗുണഭോക്താക്കളിൽനിന്നും കൈപ്പറ്റിയ തുകയ്ക്കുപുറമെ 12 ശതമാനം പലിശയോടുകൂടി നിലവിൽ ഈടാക്കിവരുന്നു. ഇത് പൊതുജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഭവനനിർമ്മാണം തുടങ്ങാൻപോലും കഴിയാത്ത ആളുകളിൽനിന്നും അധികപലിശ ഈടാക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ആയതിനാൽ പി.എം.എ.വൈ., ലൈഫ് മിഷൻ പദ്ധതിയിൽ കരാർ ഒപ്പിട്ടശേഷം ഭവന നിർമ്മാണം തുടങ്ങാൻപോലും കഴിയാത്ത പ്രത്യേക സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്യേണ്ടിവരുന്ന ഗുണഭോക്താക്കളിൽനിന്നും പലിശ ഈടാക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാന്യനായ ശ്രീ. വി. ആർ. സുനിൽ കുമാർ ഇവിടെ ഉന്നയിച്ച സബ്മിഷന്റെ മറുപടിയായി പറയാനുള്ളത്, നമ്മുടെ സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന വിവിധ ഭവനനിർമ്മാണ പദ്ധതികൾ ഗുണഭോക്താക്കളിൽ എത്തുന്നുണ്ട്. കരാറിൽ ഏർപ്പെട്ട് ഒന്നോ രണ്ടോ ഗഡു ആനുകൂല്യങ്ങൾ കൈപ്പറ്റിയതിനുശേഷം ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഒട്ടേറെ സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം സർക്കാർ ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വീടും വസ്തുവും ഒരു നിശ്ചിതകാലത്തേയ്ക്ക് വിൽക്കാനോ കൈമാറാനോ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭവനരഹിതരായ ദരിദ്ര ജനവിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭവനനിർമ്മാണ ധനസഹായം അനർഹർ കൈക്കലാക്കാതിരിക്കാനും സ്വന്തമായ വാസഗൃഹങ്ങൾ ലഭ്യമായശേഷം വീണ്ടും ഭവനരഹിതരാവുന്ന സാഹചര്യമൊഴിവാക്കാനുമാണ് ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നത്. അഞ്ചും ആറും

പ്രാവശ്യം വീടുകൊടുത്തതിനുശേഷവും വീടില്ലാതിരിക്കുന്ന സ്ഥിതിയിലേയ്ക്ക് ചില സ്ഥലങ്ങളിൽ ചിലയാളുകൾ മാറുന്നുണ്ട്. അതൊഴിവാക്കാൻ വേണ്ടിയാണ് ഇത്തരത്തിലൊരു നിബന്ധന ചേർത്തിരിക്കുന്നത്. ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരോ ഭവനനിർമ്മാണം ആരംഭിക്കാത്തവരോ ആയ ഗുണഭോക്താക്കൾ അവരുടെ വസ്തുക്കൾ കൈമാറാനോ വിൽപ്പന നടത്താനോ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ രീതിയിൽ സർക്കാർ സംവിധാനങ്ങളെ സമീപിക്കുന്നുണ്ട്. സർക്കാർ ധനസഹായം കൈപ്പറ്റിയശേഷം ഭവനനിർമ്മാണം ആരംഭിക്കുകയോ പൂർത്തിയാക്കാൻ കഴിയാത്തതോ ആയ സാഹചര്യവും ഒഴിവാക്കാനുള്ള ഒരു മാർഗ്ഗമെന്ന നിലയിലും സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുമായി ഇപ്രകാരം കൈപ്പറ്റിയ തുകയ്ക്ക് 12 ശതമാനം പലിശസഹിതം തിരിച്ചടച്ചാൽ അവരുടെ വസ്തുക്കൾ കൈമാറാനോ വിൽക്കാനോ അനുവദിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അവർ വീട് വയ്ക്കുമെന്ന് ഉറപ്പുവരുത്താൻ വേണ്ടിയാണ് 12 ശതമാനം പലിശ ഏർപ്പെടുത്തിയിരിക്കുന്നത്. അതിൽ ഇപ്പോൾ മാറ്റം വരുത്തികഴിഞ്ഞാൽ ഭൂരിപക്ഷം ആളുകളും ഇത് കൈമാറാനോ വിൽക്കാനോ ഉള്ള

സാദ്ധ്യതയേറെയാണ്. ഈ സന്ദർഭത്തിൽ 12 ശതമാനം പലിശ ഒഴിവാക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം അനുവദിച്ചാൽ അത് പാവപ്പെട്ടവർക്കുതന്നെ ദോഷകരമായി ബാധിക്കും എന്നതുകൊണ്ട് നിർവ്വാഹമില്ലായെന്ന് അറിയിക്കുകയാണ്.

(4) പ്രളയ നഷ്ടപരിഹാരം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്):സർ, തോരാത്ത മഴയുടെയും അതിന്റെ കണ്ണീരിന്റെയും തീരാത്ത വേദനയുടെ ഒരുപാട് വിങ്ങലുകൾ ഏറ്റുവാങ്ങുന്ന ഒരു പ്രദേശത്തിന്റെ അനുഭവമാണ് എന്റെ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്.

കഴിഞ്ഞ നവംബർ 16-ാം തീയതി ഞങ്ങളുടെ കിഴക്കൻ മേഖലയിൽ, പ്രത്യേകിച്ച് കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തെ 4 പഞ്ചായത്തുകളിൽ അന്നുണ്ടായ ഉരുൾപ്പൊട്ടലിന്റെയും തീവ്രമഴയുടെയും ഭാഗമായി ഒരുപാട് മനുഷ്യജീവനുകൾ നഷ്ടപ്പെട്ടു. അതിൽ ഫൗസിയ (ചരിവുപുറം), അമീൻ സിയാദ്, അംതാ സിയാദ്, രാജം മൊസറാംബിക് എന്നീ നാലുപേർ കാഞ്ഞിരപ്പള്ളിക്കാരാണ്. ഇതിൽ മൂന്നുപേർ കൊക്കയാറിൽ വച്ചാണ് മരണപ്പെട്ടതെങ്കിലും ഇവർ കാഞ്ഞിരപ്പള്ളി

സ്വദേശികളാണ്. അങ്ങനെ നാലുപേർ മരണപ്പെട്ടു. കാഞ്ഞിരപ്പള്ളി, മണിമല, ചിറക്കടവ്, വെള്ളാവൂർ എന്നീ നാല് പഞ്ചായത്തുകളിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർ 42 പേരാണ്. 400-ൽപരം ആളുകൾക്ക് ഭാഗികമായി വീട് നഷ്ടപ്പെട്ടു. കാഞ്ഞിരപ്പള്ളിയിലെയും വെള്ളാവൂരിലെയും വ്യാപാരമേഖലയുൾപ്പെടെ 506-ഓളം കടകളിലെ സാധനസാമഗ്രികളാണ് വെള്ളം കയറി പൂർണ്ണമായും നഷ്ടപ്പെട്ടത്. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ആ വലിയ മഴയത്തും ഞങ്ങളോടൊപ്പം ആ പ്രദേശത്തെ കടകളും അവിടെയുണ്ടായിരുന്ന ത്തുക്കുപാലം, ചെറുവള്ളിപ്പാലം എന്നിവയെല്ലാം പൂർണ്ണമായും നഷ്ടപ്പെട്ടതും നേരിട്ടുവന്ന് കണ്ടത് ഞങ്ങളുടെ നാടിനുതന്നെ വലിയൊരു അനുഭവമായി. ആ വേദനയിൽ പങ്കെടുക്കാൻ കടന്നുവന്നതിന് പ്രത്യേകമായി ഞങ്ങളുടെ നാടിന്റെ നന്ദി ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. മണിമലയിലെ 5 പഞ്ചായത്തുകളുടെ മേജർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട അതിന്റെ പ്രധാനപ്പെട്ട ടാങ്കും പമ്പ് ഹൗസ് ഉൾപ്പെടെ തകർന്നുപോയി. അതോടൊപ്പം ഈ 4 പ്രദേശത്തെയും കാഞ്ഞിരപ്പള്ളി ടൗണിലെ പ്രധാന വ്യാപാരകേന്ദ്രമായ മുണ്ടക്കയം, കൂട്ടിക്കൽ, മൂങ്ങായി, കർക്കിടവ് പഞ്ചായത്തുകളിലെയും വ്യാപാരികളുടെ

കടകളിലുണ്ടായിരുന്ന സാധനങ്ങൾ നഷ്ടപ്പെട്ടുപോയ അനുഭവം ഞങ്ങൾക്കുണ്ടായി. ജീവനോപാധികൾ ഒരുപാട് നഷ്ടപ്പെട്ടുപോയ വലിയൊരു വേദനയാണ് യഥാർത്ഥത്തിൽ ഈ നാടിനുണ്ടായിട്ടുള്ളത്. അങ്ങനെ വ്യാപാര സ്ഥാപനങ്ങളും വീടുകളുമെല്ലാം നഷ്ടപ്പെട്ട് ഇന്ന് വലിയ ബുദ്ധിമുട്ടിലേയ്ക്ക് ആളുകൾ മാറിയിരിക്കുകയാണ്. കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ മണിമലയാറിന്റെ തീരത്തെ കുറുവാമൊഴി എന്നുപറയുന്ന സ്ഥലത്തെ 13 വീടുകൾ ഒലിച്ചുപോവുകയാണുണ്ടായത്. വട്ടകപ്പാറയിൽ 10 കുടുംബങ്ങളെ കഴിഞ്ഞദിവസം മാറ്റി പാർപ്പിച്ചു. മലയിടിച്ചിലിന്റെ ലക്ഷണങ്ങളുണ്ടായതുമൂലം വലിയ ആപത്തിലും ആശങ്കയിലുമാണ് ആ പ്രദേശത്തെ ജനങ്ങൾ. ഇവയാണ് ആ പ്രദേശത്തുണ്ടായ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന്.

പൂഞ്ഞാറിനെയും കാഞ്ഞിരപ്പള്ളിയെയും ബന്ധിപ്പിക്കുന്ന ഒരുപാട്... പ്രത്യേകിച്ച് ചെറുവള്ളിപ്പാലത്തെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. 26-ാം മൈലിലെ എരുമേലി റോഡിലെ പാലം നഷ്ടപ്പെട്ടു. വർഷങ്ങളായിട്ടുള്ള പഴയിടം ക്രോസ് വേ, രണ്ട് നിയോജകമണ്ഡലങ്ങളെ കണക്ട് ചെയ്യുന്ന കടവനാൽക്കടവ് പാലം, കാഞ്ഞിരപ്പള്ളി എരുമേലിയെ ബന്ധിപ്പിക്കുന്ന

ഓരിങ്കൽ കടവ് പാലം എന്നിവയെല്ലാം നഷ്ടപ്പെട്ടു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഒരുപാട് പാലങ്ങൾ നഷ്ടപ്പെട്ടു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ അല്ലാതെ ഓരോ കാലഘട്ടങ്ങളിൽ നിർമ്മിച്ച പഞ്ചായത്തുകളുടെ പാലങ്ങൾ ഉൾപ്പെടെ ഗതാഗത സൗകര്യങ്ങളും റോഡുകളുമെല്ലാം നഷ്ടപ്പെട്ടുപോയ ഒരവസ്ഥയാണ്. ബഹുമാന്യനായ സഹകരണവകുപ്പുമന്ത്രി ഇവിടെയില്ല. എങ്കിൽ പോലും ഇക്കാര്യത്തിൽ ഞാനെടുത്തുപറയുന്നൊരുകാര്യം, സഹകരണവകുപ്പുമന്ത്രിയും അങ്ങും ജലസേചന വകുപ്പുമന്ത്രിയും ഈ പ്രദേശങ്ങളിലെല്ലാം കടന്നുവന്ന് ഇതെല്ലാം നേരിട്ടുവന്ന് ഞങ്ങളുടെ ബുദ്ധിമുട്ട് കണ്ടതാണ്. എനിക്ക് സൂചിപ്പിക്കാനുള്ളത്, വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കാവശ്യമായ ധനസഹായവും പുനരധിവാസവും എത്രയും വേഗം ഉണ്ടാകണം. ഭാഗികമായി നഷ്ടപ്പട്ടവർക്ക് പരമാവധി ധനസഹായം നൽകണം. വീടുകളുടെ മുൻപിലുള്ള സംരക്ഷണഭിത്തികൾ ഒരുപാട് തകർന്നിട്ടുണ്ട്. അവിടെ ഇപ്പോൾ നിലവിലുള്ള നോംസ് അനുസരിച്ച് അത് കൊടുക്കാൻ സാധിക്കില്ല. അതിനായി നോംസിൽ പരമാവധി മാറ്റം വരുത്തണം. വ്യാപാരികൾക്ക് അവരുടെ വ്യാപാരി-വ്യവസായികളുടെ ക്ഷേമനിധിയിൽ പണമടയ്ക്കാൻ

കഴിയാത്ത സാഹചര്യം, റവന്യൂ ഉദ്യോഗസ്ഥർ അവർക്ക് കൃത്യമായി സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല എന്ന പരാതിയുണ്ട്. ജി.എസ്.ടി.-യുടെ കണക്കുകളും കൊടുക്കാൻ കഴിയാത്തൊരു അവസ്ഥയാണ്. ഒരുപാട് സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. അതും തിരികെ കിട്ടാനുള്ള നടപടിയുണ്ടാകണം. തീർച്ചയായും കാഞ്ഞിരപ്പള്ളിയും പൂഞ്ഞാറും ഉൾപ്പെടുന്ന കിഴക്കൻ മലയോര മേഖലയുടെ വലിയ ദുഃഖം അങ്ങ് നേരിട്ട് കണ്ടതാണ്. ഇക്കാര്യത്തിൽ പരമാവധി ധനസഹായം നൽകി വ്യപാരികളെയും വീടുകൾ നഷ്ടപ്പെട്ടവരെയെല്ലാം സഹായിക്കാനും നമ്മുടെ നഷ്ടപ്പെട്ട ആസ്തികൾ പുനഃസ്ഥാപിക്കാനുമുള്ള അടിയന്തര നടപടികൾ ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഒരിക്കൽ കൂടി അറിയിച്ചുകൊണ്ടും ഗവൺമെന്റ് സമയത്തെടുത്ത കൃത്യമായ ഇടപെടലുകളാണ് യഥാർത്ഥത്തിൽ കൂടുതൽ ദുരന്തങ്ങളുണ്ടാകാതെ ആ പ്രദേശത്തെ സംരക്ഷിക്കാൻ സഹായകരമായതെന്നതും വളരെ സ്നേഹപൂർവ്വം ഓർത്തുകൊണ്ട് ഞാൻ എന്റെ സബ്മിഷൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ):സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് സഭയിൽ ഉന്നയിച്ചതുപോലെ എത്രനേരം

പറഞ്ഞാലും തീരാത്ത വിധത്തിലുള്ള കരളലിയിപ്പിക്കുന്ന രംഗങ്ങളും അതിഭീകര സംഭവങ്ങളുമാണ് ഈ മേഖലയിൽ ഉണ്ടായതെന്നത് ഒരു യാഥാർത്ഥ്യമാണ്. യഥാർത്ഥത്തിൽ 16-ാം തീയതി രാവിലെ മുതൽ വളരെപ്പെട്ടെന്ന് കാലാവസ്ഥയിലുണ്ടായ മാറ്റം, ഇന്നലെ ബഹുമാനപ്പെട്ട അംഗം ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ സൂചിപ്പിച്ച സബ്മിഷനിൽ പറഞ്ഞതുപോലെ കാവാലിയിലും പ്ലാപ്പള്ളിയിലും പൂവഞ്ചിയിലും അടക്കമുള്ള പ്രദേശങ്ങളിലുണ്ടാക്കിയ ഭീകരാവസ്ഥയും മരണങ്ങളുമൊക്കെ വലിയ നഷ്ടങ്ങളാണ് നമുക്കുണ്ടായിട്ടുള്ളത്. അറബിക്കടലിൽ ലക്ഷദ്വീപിനുസമീപം രൂപം കൊണ്ട അതിന്യൂനമർദ്ദത്തിന്റെ ഭാഗമായി സംസ്ഥാനത്തുണ്ടായ കനത്ത മഴയെത്തുടർന്നാണ് പ്രളയത്തിലും ഉരുൾപ്പൊട്ടലിലും കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടെ സംസ്ഥാനത്ത് വ്യാപകമായ നാശനഷ്ടവും ജീവഹാനിയും സംഭവിച്ചത്. അങ്ങിവിടെ പറഞ്ഞതുപോലെ കാഞ്ഞിരപ്പള്ളി, കപ്പാട്, മണിമല, വെള്ളാവൂർ പ്രദേശങ്ങൾ പൂർണ്ണമായും വെള്ളത്തിൽ മുങ്ങുകയും ചെറുവള്ളിപ്പാലം, പഴയിടം ക്രോസ് വേ, വെള്ളാവൂർ ചുക്കപാലം എന്നിവ യഥാർത്ഥത്തിൽ നശിക്കുകയും ചെയ്തൊരു ഭീകരതയാണ് അവിടെയുണ്ടായത്. അങ്ങയുടെ നേതൃത്വത്തിൽ നേരത്തേ

ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ബഹുമാനപ്പെട്ട വാസവൻ മിനിസ്റ്റർ അടക്കം ആ മേഖലയിലെ ജനപ്രതിനിധികൾ സർക്കാരിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളെല്ലാം സർക്കാർ വളരെ നന്ദിയോടെ ഈ ഘട്ടത്തിൽ ഓർക്കുകയാണ്. പ്രകൃതിക്ഷോഭങ്ങൾക്ക് ദുരന്തനിവാരണ ദുരന്തപ്രതികരണ നിധി മാനദണ്ഡപ്രകാരം നാശനഷ്ടങ്ങളുടെ കണക്കുകൾ അതത് വകുപ്പുകൾ തിട്ടപ്പെടുത്തി നൽകുന്ന മുറയ്ക്ക് ദുരിതാശ്വാസ സഹായം സർക്കാർ അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം വ്യക്തിഗത നാശനഷ്ടങ്ങൾക്കും പൊതുനാശനഷ്ടങ്ങൾക്കും വ്യത്യസ്തങ്ങളായ മാനദണ്ഡങ്ങളാണുള്ളത്. ഇതുപ്രകാരം സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും നൽകാൻ കഴിയുന്ന സഹായത്തിനും ചില കുറവുകളുണ്ടായി. അങ്ങ് ഇവിടെ സൂചിക്കപ്പെട്ടതുപോലെ വീടുകൾ നഷ്ടപ്പെട്ടവരും പൂർണ്ണമായും നഷ്ടപ്പെട്ടവരും, ഭാഗികമായി നഷ്ടപ്പെട്ടവരും എസ്.ഡി.ആർ.എഫ് അനുസരിച്ച് നമുക്ക് കൊടുക്കാൻ കഴിയുന്നത്, കുന്നിൻ പ്രദേശങ്ങളിലാണെങ്കിൽ, മലയോരത്താണെങ്കിൽ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് 101900 രൂപയും, സമതലത്തിലാണെങ്കിൽ 95100 രൂപയുമാണെന്ന് അങ്ങേക്ക് അറിയാം. ഭാഗീകമായി നഷ്ടപ്പെട്ടവർക്ക് 5200

രൂപ മാത്രമാണ് എസ്.ഡി.ആർ.എഫ്. അനുസരിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇന്നലെ ക്യാബിനറ്റ് ഇക്കാര്യം വിശദമായി പരിശോധിച്ച് നേരത്തെ ഇറക്കിയ ഒരു ഗവൺമെന്റ് ഉത്തരവുപോലെ ഞാൻ അങ്ങയെ വളരെ സ്നേഹത്തോടെ അറിയിക്കുകയാണ്, അഞ്ച് തലങ്ങളായി തിരിക്കാൻ, ഭാഗീകമായി നഷ്ടപ്പെട്ടത് 15 ശതമാനവും അതിനു താഴെയും, 16 മുതൽ 29 വരെ, 30 മുതൽ 59 വരെ, 60 തൊട്ട് 74 വരെ, 75 മുതൽ 100 വരെ ഇങ്ങനെ വിവിധ കാറ്റഗറികളിലായി മാറ്റാനും, പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപവരെ ലഭ്യമാകാവുന്ന വിധത്തിൽ സർക്കാർ അടിയന്തിരമായി സഹായം ലഭ്യമാകുന്നതിനെക്കുറിച്ച് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ ഈ പ്രദേശങ്ങളിലെല്ലാം ഞങ്ങൾ എല്ലാപേരും പോയപ്പോൾ ഭാഗീകമായും, പൂർണ്ണമായും ഭൂമി നഷ്ടപ്പെട്ടവരെല്ലാം പലപ്പോഴും പട്ടയഭൂമിയിലോ, അതുമായി ബന്ധപ്പെട്ട് രേഖയുള്ള ഭൂമിയിലോ അല്ല കിടക്കുന്നതെന്നും കണ്ടു. ആ ഘട്ടത്തിൽ ഭൂമി ഇല്ലാത്തവർക്ക്, വീട് നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപവരെ വീടു വയ്ക്കാനും, വീടും ഭൂമിയും ഉൾപ്പെടെ നഷ്ടപ്പെട്ടവർക്ക് പുറംമ്പോക്ക് പ്രദേശത്തുള്ളവർക്കാണെങ്കിലും 10 ലക്ഷം രൂപവരെ നൽകാനുമുള്ള ശ്രദ്ധേയമായ തീരുമാനം സർക്കാർ ഇന്നലെ

കൈക്കൊള്ളുകയുണ്ടായി. ഇപ്പോൾ ആദ്യഘട്ടം എന്ന നിലയിൽ ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടപ്രകാരമുള്ള വിവിധ ആവശ്യങ്ങൾക്കായി അതത് ശീർഷകങ്ങളിൽ നിന്ന് ചെലവഴിക്കാൻ ആവശ്യാനുസരണം പണം വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. രണ്ട് ഉത്തരവുകളിലായി കോട്ടയം ഉൾപ്പെടെ 9 ജില്ലകൾക്ക് 13 കോടി 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും ദുരന്തത്തിൽ മരണപ്പെട്ടവരുടേയും അവകാശികളുടേയും പരിക്കുകൾ സംഭവിച്ചവർക്കും വീട്ടുകാർക്കും വീടുകൾ നഷ്ടപ്പെട്ടവർക്കും കൃഷി നാശം സംഭവിച്ചവർക്കും കന്നുകാലികൾ നഷ്ടപ്പെട്ടവർക്കും ജീവനോപാധികൾ നഷ്ടപ്പെട്ടവർക്കും മാനദണ്ഡപ്രകാരമുള്ള തുക അടിയന്തിരമായി നൽകുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരികയാണ്. ഇക്കാര്യത്തിൽ നഷ്ടപ്പെട്ടവരുടെ വികാരങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് അവരോടൊപ്പം നിൽക്കുന്ന ഒരു നയമാണ് സർക്കാർ എടുത്തിട്ടുള്ളത്. ഏത് നിലയിലും അതിനെ തിരികെ കൊണ്ടുവരാനുള്ള ശ്രമമാണ് നടക്കുന്നത്. അങ്ങ് ഉന്നയിക്കപ്പെട്ട ചില കാര്യങ്ങൾ അങ്ങേക്ക് അറിയാവുന്നതുപോലെ എസ്.ഡി.ആർ.എഫ്. അനുസരിച്ച് നമുക്ക് പണം അനുവദിക്കാൻ രേഖകളിൽ പറ്റാത്ത ചില പ്രശ്നങ്ങളുണ്ട്, അത് ഇനി എന്തു

ചെയ്യാൻ കഴിയുമെന്ന് നമുക്ക് പരിശോധിക്കാം. വീട് നഷ്ടപ്പെട്ടവർക്കും ഭൂമി നഷ്ടപ്പെട്ടവർക്കും 10 ലക്ഷം രൂപ വരെ നൽകാനുള്ള സർക്കാരിന്റെ പ്രഖ്യാപനം ഗവൺമെന്റ് ഉത്തരവായി വരുന്ന ദിവസങ്ങളിൽ ഇറങ്ങും. അങ്ങ് ഇവിടെ പറഞ്ഞതുപോലെ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അത് തിരിച്ചു കൊടുക്കാൻ ഞാൻ ഇന്നലെ സൂചിപ്പിച്ചതുപോലെ ഒരു പ്രത്യേക അദാലത്ത് നടത്തി ബന്ധപ്പെട്ടവർക്ക് അത് ലഭ്യമാകാനുള്ള എല്ലാ സഹായവും സർക്കാർ നൽകും. വ്യാപാരികൾക്ക് ഏതെങ്കിലും ആവശ്യത്തിന് സർട്ടിഫിക്കറ്റുകൾ കൊടുക്കേണ്ട പ്രശ്നമുണ്ടെങ്കിൽ റവന്യൂ ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തി അക്കാര്യങ്ങൾക്ക് ഇടപെടാൻ കഴിയും. അങ്ങ് അവിടെ വന്നപ്പോൾ വിവിധങ്ങളായ വകുപ്പുകളെ കോർഡിനേറ്റു ചെയ്യേണ്ട പ്രവർത്തനങ്ങളാണ് ഞങ്ങളോട് പറഞ്ഞത്, ആ വകുപ്പുകളെ കോർഡിനേറ്റു ചെയ്ത് വരികയാണ്. ഉദാഹരണത്തിന് മണിമലയിൽ മാവേലി സ്റ്റോർ നഷ്ടപ്പെട്ട പ്രശ്നം അങ്ങ് സൂചിപ്പിച്ചു, സഞ്ചരിക്കുന്ന മാവേലി സ്റ്റോർ 24 മണിക്കൂറുകൊണ്ടുതന്നെ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി അനുവദിച്ചു നൽകി. ചെറുവള്ളി പാലത്തിൽ എത്തിച്ചേർന്നപ്പോൾ സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ അതിന്റെ രണ്ടു

കരകളിലായി ഒറ്റപ്പെട്ടവർക്ക് പോകാനുള്ള വാഹനത്തിനെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തിയിരുന്നു, വാഹനം അനുവദിക്കാമെന്ന് ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രി അറിയിച്ചിട്ടുണ്ട്. ആ നിലവാരത്തിലേക്ക് എല്ലാ വകുപ്പുകളേയും കോർഡിനേറ്റ് ചെയ്തുകൊണ്ട് ആവശ്യമായ പ്രവർത്തനങ്ങൾ അങ്ങയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുകയാണ്.

(5) പഴശ്ശി സാഗർ മിനി ജലവൈദ്യുത പദ്ധതി

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കണ്ണൂർ ജില്ലയിലെ പഴശ്ശി ഇറിഗേഷൻ പദ്ധതിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് 7.50 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു ജല വൈദ്യുത പദ്ധതി നിർമ്മിക്കുന്നതിനുള്ള തീരുമാനമാകുകയും പദ്ധതിയുടെ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.യാണ് ഈ വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടത്തുന്നത്. 2006-11 കാലഘട്ടത്തിൽ വിഭാവനം ചെയ്ത പദ്ധതിയായിരുന്നുവെങ്കിലും 2017 ജൂലൈ മാസത്തിൽ മാത്രമാണ് ഇതിന് ഭരണാനുമതി ലഭ്യമായത്. പിന്നീട് പ്രവർത്തനം തുടങ്ങിയെങ്കിലും സ്വാഭാവികമായും കോവിഡിന്റെ പശ്ചാത്തലത്തിൽ ആയിരിക്കണം

അതിന്റെ പ്രവർത്തനം കുറച്ച് മന്ദീഭവിച്ച മട്ടാണുള്ളത്. ഇപ്പോൾ വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്, ഈ പദ്ധതി എത്രയും പെട്ടന്ന് പൂർത്തിയാക്കി ആവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിച്ച് സബ്സ്റ്റേഷനിലേക്ക് കൊടുക്കാൻ, മട്ടന്നൂർ-കൊയിലൂർ 31 കെ.വി. സബ്സ്റ്റേഷനിലേക്കാണ് ഈ വൈദ്യുതി പ്രവഹിപ്പിക്കുന്നത്. അതിനുള്ള അടിയന്തിരമായ നടപടികൾ സ്വീകരിക്കണം. സിവിൽ വർക്കിന്റെ നിർമ്മാണം ഏകദേശം പൂർത്തിയായി ഇനി ഇലക്ട്രോ മെക്കാനിക്കൽ ഉപകരണങ്ങൾക്കും എ.എസ്. ആയിട്ടുണ്ട്. അതിന്റെ സമാഹരണവും സ്ഥാപനവുമാണ് വളരെപെട്ടന്ന് നടത്തേണ്ടത്. പദ്ധതിയുടെ ഉപകരണങ്ങൾ വാങ്ങാനുള്ള ടെണ്ടർ ക്വാട്ട് ചെയ്തിട്ടില്ലെങ്കിൽ സിവിൽ വർക്ക് പൂർത്തിയായി പിന്നേയും ഒരുപാട് താമസിക്കുന്ന അവസ്ഥവരും. അതുകൊണ്ട് എത്രയുംപെട്ടന്ന് പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിയെന്ന് അറിയപ്പെടുന്ന ഈ പദ്ധതി പൂർത്തിയാക്കണം, അതോടൊപ്പം തന്നെ കനാലിന്റെ പരിസരത്ത് സൗരോർജ്ജ പാനൽ സ്ഥാപിക്കാനുള്ള സൗകര്യമുണ്ട് അവിടെ സൗരോർജ്ജ പാനൽകൂടി സ്ഥാപിച്ചാൽ 10 മെഗാവാട്ട് സൗരോർജ്ജ നിലയം പരിസരത്ത് സ്ഥാപിക്കാനുള്ള സൗകര്യംകൂടിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കഴിയുമെങ്കിൽ

ഈ പ്രദേശം സന്ദർശിച്ച് കമ്മിറ്റിയൊക്കെ വിളിച്ച് ചേർത്താൽ പദ്ധതി എളുപ്പത്തിൽ പൂർത്തിയാക്കാൻ കഴിയും അതിനുവേണ്ടി അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസേചന പദ്ധതിയുടെ റിസർവോയറിലെ വെള്ളം ഉപയോഗപ്പെടുത്തി പഴശ്ശി ബാരേജിനു ചുവട്ടിൽ പവർഹൗസ് സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയാണ് പഴശ്ശി സാഗർ ചെറുകിട ജല വൈദ്യുത പദ്ധതി. 2.5 മെഗാവാട്ട് വീതം ശേഷിയുള്ള 3 ജനറേറ്ററുകളിൽ നിന്ന് ആകെ 7.5 മെഗാവാട്ടാണ് ഈ പദ്ധതിയുടെ സ്ഥാപിതശേഷി. 2516 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് വാർഷിക ഉൽപ്പാദനശേഷി. 54.65 കോടി രൂപയ്ക്ക് സിവിൽ ജോലികൾക്കും 57.85 കോടി രൂപയ്ക്ക് ഇലക്ട്രിക്കൽ ജോലികൾക്കും 0.5 കോടി രൂപയ്ക്ക് പ്രസരണ ജോലികൾക്കും ഉൾപ്പെടെ 113.02 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സിവിൽ ജോലികൾ 46.41 കോടി രൂപയുടെ അടങ്കൽ തുകയ്ക്ക് ആർ.എസ്. ഡെവലപ്മെന്റ് ആൻഡ് കൺസ്ട്രക്ഷൻ എന്ന കമ്പനിക്ക് 26-10-2017-ൽ കരാർ നൽകി. കരാർ പ്രകാരം 24-04-2020-ൽ പൂർത്തീകരിക്കേണ്ട ജോലികൾ വിവിധ

കാരണങ്ങളാൽ താമസിച്ചതുകൊണ്ട് 21-09-2022 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പാറപൊട്ടിക്കൽ ജോലികൾ നടക്കുന്ന സമയത്ത് നാട്ടുകാരുടെ എതിർപ്പുമൂലം ജോലികൾ തടസ്സപ്പെട്ടു. കൂടാതെ 2018-ലെ പ്രളയം മൂലം ക്വാറി പ്രവർത്തനങ്ങൾ നിരോധിച്ചതിനാലും കോവിഡ് മഹാമാരിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാര്യമായ തടസ്സം നേരിട്ടു. ഇപ്പോൾ പ്രവൃത്തികളുടെ 33 ശതമാനം പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക് ജോലികൾ 48.27 കോടി രൂപയ്ക്ക് കിർലോസ്കർ ബ്രദേഴ്സ് എന്ന കമ്പനിയുമായി 10-02-2021-ൽ കരാർ ഒപ്പുവച്ചു. കരാർ പ്രകാരം പൂർത്തീകരണ സമയം 10-02-2023-ലാണ്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ അവിടെ എം.എൽ.എ. ഉൾപ്പെടെ ആ പ്രദേശം സന്ദർശിച്ച് പ്രവർത്തന പുരോഗതി ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(6) കേരളപുരം ചന്ദനത്തോപ്പ് റെയിൽവേ സമാന്തര റോഡ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ എളമ്പുള്ളൂർ മുതൽ കേരളപുരംവരെയും കേരളപുരം മുതൽ ചന്ദനത്തോപ്പ് വരെയുമുള്ള റെയിൽവേ സമാന്തര റോഡ്, അതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിലച്ചുപോയതിനാൽ വളരെയധികം ബുദ്ധിമുട്ട് നാട്ടുകാർ അനുഭവിക്കുകയാണ്. വാഹനങ്ങൾ കടന്നുപോകാനുള്ള പ്രയാസം, ഇരുചക്ര വാഹനങ്ങളിൽ പോലും ആളുകൾക്ക് പോകാൻ കഴിയുന്നില്ല. കാൽനടപോലും ആ റെയിൽവേ സമാന്തര റോഡിൽക്കൂടി ദുഷ്കരമായ ഒരു അവസ്ഥയാണ്. ഗുരുതരമായ രോഗമുള്ള ആളുകളെ ആശുപത്രിയിൽ എത്തിക്കാൻ വേണ്ടി ആംബുലൻസുകൾക്ക് പോലും അവിടേക്ക് കടന്നുവരാൻ പറ്റാത്ത രീതിയിൽ റോഡ് തകർന്ന് കിടക്കുകയാണ്. അത് അടിയന്തിരമായി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി നിർദ്ദേശം കൊടുത്ത്, ഞാൻ നിരവധിതവണ നാട്ടുകാർ ആവശ്യപ്പെട്ടതുപ്രകാരം ആ പ്രദേശങ്ങളിൽ ചെന്ന് റോഡിന്റെ അവസ്ഥ നേരിട്ട് കണ്ടതാണ്. ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകി കരാറുകാരനെക്കൊണ്ട് എത്രയും വേഗം ആ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച്

സഞ്ചാരയോഗ്യമാക്കാനുള്ള നിർദ്ദേശം നൽകണമെന്ന് ഈ സബ്മിഷനിൽ കൂടി അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം പി.സി.വിഷ്ണുനാഥ് ഉന്നയിച്ചത് വസ്തുതയാണ്, കുണ്ടറ നിയോജകമണ്ഡലത്തിലുൾപ്പെട്ട പെരുനാട് ഗ്രാമപഞ്ചായത്തിലെ 10, 12, 13, 14 വാർഡുകളിൽക്കൂടി പോകുന്ന റെയിൽവേ ലൈനിന് സമാന്തരമായ കേരളപുരം ചന്ദനത്തോപ്പ് റോഡിന് 288 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് 23-01-2019-ൽ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 01-02-2019-ൽ സാങ്കേതികാനുമതിയും നൽകി. 7-03-2019-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. റെയിൽവേ അതിർത്തികളുള്ളിലൂടെ കടന്നു പോകുന്നതിനാൽ റോഡ് നിർമ്മാണത്തിന് റെയിൽവേ അധികൃതരുടെ അനുമതി ആവശ്യമായിരുന്നു. അനുമതി വാങ്ങുന്നതിനു മുൻപാണ് കരാറിൽ ഒപ്പിട്ടത്. റെയിൽവേ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം വന്നപ്പോൾ കരാറുകാരൻ അപേക്ഷ കൊടുത്തു, കരാർ റദ്ദാക്കണമെന്ന്. അതിന്റെയടിസ്ഥാനത്തിൽ കരാർ റദ്ദാക്കി. 2020 ഒക്ടോബറിൽ കുണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി

റെയിൽവേയ്ക്ക് ഇതിന്റെ ഭാഗമായി 19.6 ലക്ഷം രൂപ അടച്ച് അനുമതി ലഭിച്ചു. തുടർന്ന് വീണ്ടും ഭരണാനുമതി നൽകി റീ-ടെണ്ടർ ചെയ്യാൻ. അപ്പോൾ വേറൊരു കരാറുകാരൻ ഈ വർക്ക് എടുത്തു. പുതിയ കരാർ പ്രകാരം പ്രവൃത്തി 2021 ജനുവരി മാസം ആരംഭിച്ചു. കോവിഡ് -19 നോട് അനുബന്ധിച്ച് ലോക്ക് ഡൗൺ, മെറ്റീരിയലിന്റെ ദൗർലഭ്യം, റെയിൽവേ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള കാലതാമസം, അത് കാരണമായി ഞാൻ കാണുന്നില്ല. ഇതാണ് വിശദീകരണം ചോദിച്ചപ്പോൾ ബന്ധപ്പെട്ട എച്ച്. ഇ. ഡി. (ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ്) തന്ന മറുപടിയെങ്കിലും കരാറുകാരന്റെ ഭാഗത്തുനിന്നും കാലതാമസമുണ്ടായി എന്നാണ് എനിക്ക് തോന്നുന്ന കാര്യം. 5-ാം തീയതി അങ്ങയുടെ മണ്ഡലത്തിൽ ഞാൻ വരുന്നുണ്ട്. അവിടെ വച്ച് അങ്ങയുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗ് വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു. അടിയന്തിരമായി ഈ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകും.

(7) മുടപ്പല്ലൂർ -മംഗലംഡാം റോഡ് പുനരുദ്ധാരണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, മുടപ്പല്ലൂർ-മംഗലംഡാം റോഡ് പുനരുദ്ധാരണം സംബന്ധിച്ചുള്ളതാണ് ഈ സബ്മിഷൻ. പാലക്കാട്

ജില്ലയിലെ പ്രധാനപ്പെട്ട ഒരു ടൂറിസം പദ്ധതിയാണ് മംഗൾഡാം. ഡാമുകളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള കേരളത്തിലെ സ്വപ്നപദ്ധതിയുടെ പൈലറ്റ് പ്രവർത്തനം നടക്കുന്ന സ്ഥലംകൂടിയാണ് മംഗൾഡാം. ആലത്തൂർ താലൂക്കിലെ മലയോര കച്ചവടത്തിന്റെ പ്രഭവകേന്ദ്രമാണ് മംഗൾഡാം. പ്രസ്തുത മേഖല ഈ താലൂക്കിലെ വ്യാപാര - പരമ്പരാഗത വ്യവസായ രംഗത്തും ഏറെ പ്രാധാന്യം അർഹിക്കുന്ന സ്ഥലമാണ്. ആദിവാസി സമൂഹവും കുടിയേറ്റ കർഷക സമൂഹവും ചെറുകിട നാമമാത്ര കർഷകരും അവരെ ആശ്രയിക്കുന്ന തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന മേഖലകൂടിയാണിത്. ആ മേഖലയിൽ താമസിക്കുന്ന വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ മലയോര മനുഷ്യരും അതുപോലെതന്നെ ആയിരക്കണക്കിന് വരുന്ന വിനോദസഞ്ചാരികൾ തുടങ്ങിയവരെല്ലാം ആശ്രയിക്കുന്ന റോഡാണ് മുടപ്പല്ലൂർ -മംഗൾഡാം റോഡ്. സർക്കാരിന്റെ മാതൃകാ പദ്ധതിയായ ചെളിനീക്കൽ പ്രവൃത്തിയുടെ ഭാഗമായി പ്രതിദിനം മുന്നൂറിലധികം ടോറസ് ലോറികളാണ് ഈ റോഡിലൂടെ ഓടിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രസ്തുത റോഡ് ഇന്ന് പരിപൂർണ്ണമായ തകർച്ച നേരിടുകയാണ്.

അനുദിനം വാഹനാപകടങ്ങളും വർദ്ധിക്കുകയാണ്. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട മലയോര ഹൈവേ കടന്നുപോകുന്ന മുടപ്പല്ലൂരിൽ നിന്നും ആരംഭിക്കുന്ന ഈ മുടപ്പല്ലൂർ-മംഗൾഡാം റോഡ് അടിയന്തരമായി പുനരുദ്ധരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ആലത്തൂർ എം.എൽ.എ. കെ. ഡി. പ്രസേനൻ ഇവിടെ ഉന്നയിച്ചത് അദ്ദേഹത്തിന്റെ മണ്ഡലത്തിലെ മുടപ്പല്ലൂർ -മംഗൾഡാം റോഡിന്റെ ശോചനീയാവസ്ഥയാണ്. അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്, 2016 -ലാണ് ഈ റോഡ് ബി.എം ആന്റ് ബി.സി. (Bituminous macadam (BM) & Bituminous Concrete Mixes (BC)) നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തിയത്. മംഗലംഡാം ഡീസിൽട്ടേഷൻ പദ്ധതി (Desiltation of Mangalam Reservoir) ജലസേചന വകുപ്പുമുഖേന ആരംഭിച്ചശേഷം അവിടെ ഭാരമേറിയ വാഹനങ്ങളുടെ സഞ്ചാരം വളരെ കൂടിയതിനാൽ പ്രസ്തുത റോഡിന് ധാരാളം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പാലക്കാട് കളക്ടറേറ്റിൽ ചേർന്ന റിവ്യൂ മീറ്റിംഗിലും ബന്ധപ്പെട്ട മറ്റ്

യോഗങ്ങളിലുമെല്ലാംതന്നെ ഉന്നയിക്കപ്പെട്ടതിനാൽ അക്കാര്യം ഗവൺമെന്റിന് നല്ലരീതിയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ റോഡിന്റെ ഇപ്പോഴുള്ള അവസ്ഥ മാറ്റിയെടുക്കാനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് ആവശ്യമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് നവീകരണത്തിനായി ഏകദേശം 8 കോടിയോളം രൂപയുടെ ഒരു പദ്ധതി ഇപ്പോൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ എത്രയുംവേഗം സ്വീകരിക്കുന്നതായിരിക്കും.

(8) <u>കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, മലബാർ കാൻസർ സെന്റർ കേരളത്തിലെ കാൻസർ ചികിത്സ തേടുന്ന രോഗികളുടെ ഏറ്റവും പ്രധാനപ്പെട്ട ആശ്രയകേന്ദ്രമാണ്. ഇതുസംബന്ധിച്ച ചില പ്രത്യേക ചികിത്സയ്ക്ക് തിരുവനന്തപുരത്തുനിന്നുൾപ്പെടെ തലശ്ശേരി മലബാർ കാൻസർ സെന്ററിനെ ആളുകൾ ആശ്രയിക്കാറുണ്ട്. കേരളത്തിലെ 7 ജില്ലകളിൽ നിന്നുമുള്ള ആളുകളും, ഒപ്പം തമിഴ്നാടിന്റെ ഭാഗമായ ഗൂഡല്ലൂർ, കർണ്ണാടകയുടെ ഭാഗമായ കുടക്, അതുപോലെ പോണ്ടിച്ചേരിയുടെ ഭാഗമായ മാഹി തുടങ്ങിയ

മേഖലകളിൽനിന്നെല്ലാം ജനങ്ങൾ ആശ്രയിക്കുന്ന ഒരു അത്യാധുനിക ചികിത്സാ കേന്ദ്രമായ പ്രസ്തുത എം.സി.സി. ഒരു ഓട്ടോണമസ് ഇൻസ്റ്റിറ്റ്യൂട്ടാണ്. അതോടൊപ്പംതന്നെ ഇതിനെ പോസ്റ്റ് ഗ്രാഡ്യുവേറ്റ് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഓങ്കോളജി ആന്റ് റിസർച്ച് സെന്ററാക്കി മാറ്റാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ ഗവേണിംഗ് ബോർഡ് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. ആ സ്ഥാപനത്തിന്റെ നടത്തിപ്പിനാവശ്യമായ പണത്തിന്റെ 85 ശതമാനം സ്ഥാപനംതന്നെ കണ്ടെത്തുകയാണ്. 15 മുതൽ 20 ശതമാനംവരെ തുക മാത്രമാണ് നിലവിൽ സംസ്ഥാന സർക്കാരിന്റെ സഹായമായി ബഡ്ജറ്റിലൂടെ ഈ സ്ഥാപനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. 90 ശതമാനത്തോളം വരുന്ന രോഗികളുടെയും ചികിത്സ പലചികിത്സാ പദ്ധതികളിലും ഉൾപ്പെടുത്തി സൗജന്യമായാണ് നൽകുന്നത്. ഇവിടെ കാസ്പ് (കാരുണ്യാ ആരോഗ്യ സുരക്ഷാ പദ്ധതി) സംസ്ഥാന സർക്കാർ ഏറ്റവും മികച്ച രീതിയിൽത്തന്നെ നടപ്പിലാക്കുന്നുണ്ട്. ഏറ്റവും മികച്ച നിലയിൽ നടപ്പിലാക്കുന്ന കാസ്പ് പദ്ധതി യഥാർത്ഥത്തിൽ മലബാർ കാൻസർ സെന്റർ ഉൾപ്പെടെയുള്ള കാൻസർ സ്ഥാപനങ്ങളിലുമുണ്ട്. ഞാൻ സംസാരിക്കുന്നത് എം.സി.സിക്കുവേണ്ടിയാണെങ്കിലും പ്രസ്തുത കാസ്പ്

പദ്ധതി ചികിത്സാ സഹായം എം.സി.സി.ക്ക് പുറമേ ആർ.സി.സി.യിലെയും രോഗികളെ ബാധിക്കുന്ന വിഷയമാണ്. കാസ്പിലൂടെ മാത്രം തേടാൻ കഴിയുന്ന ചികിസ്തയല്ല കാൻസർ ചികിത്സ. ഇതൊരു പാക്കേജ് എന്ന നിലയിൽ നടപ്പിലാക്കുകയാണ്. മലബാർ കാൻസർ സെന്ററിന് ഏതാണ്ട് 12 കോടി രൂപ കാസ്പ് ചികിത്സയുടെ ഭാഗമായി നഷ്ടം സംഭവച്ചിട്ടുണ്ട്. അതുകൊണ്ട് ഔട്ട് ഓഫ് പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് മലബാർ കാൻസർ സെന്ററിലെ ചികിത്സാ പദ്ധതിക്കാവശ്യമായ സഹായം നൽകണമെന്ന് ഞാൻ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്. മലബാർ കാൻസർ സെന്റർ അതിവേഗത്തിൽ വളർന്ന് വികാസം പ്രാപിച്ച് മുമ്പോട്ടു പോയ്ക്കൊണ്ടിരിക്കുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ടാണ്. മികച്ച നിലയിൽ നേതൃത്വം കൊടുക്കുന്ന ഡയറക്ടർ, നല്ല ഡോക്ടർമാർ, അക്കാഡമിക്-നോൺ അക്കാഡമിക് സ്റ്റാഫുകൾ തുടങ്ങി എല്ലാംകൊണ്ടുംതന്നെ കാൻസർ ചികിത്സാ രംഗത്ത് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ലാന്റ്മാർക്ക് ഇൻസ്റ്റിറ്റ്യൂഷനായി എംസി.സി. മാറുകയാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ ബഡ്ജറ്റിനകത്ത് കൂടുതൽ പണം വകയിരുത്തിയും മലബാർ കാൻസർ സെന്ററിനെ സഹായിക്കാൻ ഗവൺമെന്റ്

മുമ്പോട്ടുവരണം. അതോടൊപ്പം കാരുണ്യാ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഔട്ട്ഓഫ് പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് ധനസഹായം നൽകാൻ ഗവൺമെന്റ് മുമ്പോട്ടുവരണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു. വളരെപെട്ടെന്നുതന്നെ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കണമെന്നുകൂടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് വിനയത്തോടെ ഈ സബ്മിഷനിലൂടെതന്നെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിൽ കാരുണ്യ ആരോഗ്യ ചികിത്സാ പദ്ധതി (കാസ്പ്) നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപകൽപ്പന ചെയ്ത സ്ഥാപനമാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി. ദേശീയ ഹെൽത്ത് ഏജൻസി രൂപകൽപ്പന ചെയ്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് പ്രകാരമാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെ സൗജന്യ ചികിത്സ നടപ്പിലാക്കുന്നത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് ഇതുപ്രകാരമുള്ള നിരക്ക് മാത്രമാണ് ചികിത്സ നൽകുന്ന ആശുപത്രികൾക്ക് നിയമപരമായി നൽകാൻ സാധിക്കുകയുള്ളൂ. എൻ.എച്ച്.എ. പുതിക്കിയ പ്രകാരമുള്ള ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് നടപ്പിൽ വരുത്തുമ്പോൾ നിലവിലുള്ള നിരക്ക്

വർദ്ധിക്കുന്നതാണ്. ബഹുമാന്യനായ അംഗം പറഞ്ഞപോലെ കാൻസർ ചികിത്സാ രംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്നതും പ്രത്യേകിച്ച് സംസ്ഥാനത്തിന് ഏറെ പ്രതീക്ഷയുള്ളതുമായ ഒരു സ്ഥാപനംകൂടിയാണ് മലബാർ കാൻസർ സെന്റർ. ഗവേഷണരംഗത്ത് ഈ സ്ഥാപനം നൽകുന്ന പ്രാധാന്യം വളരെ ശ്ലാഘനീയമാണ്. മലബാർ കാൻസർ സെന്ററിൽ ചികിത്സ തേടിയെത്തുന്ന അർഹരായ രോഗികൾക്ക് വിവിധ സർക്കാർ സാമ്പത്തിക സഹായ പദ്ധതികൾ മുഖേന സൗജന്യ ചികിത്സാ സൗകര്യങ്ങൾ നൽകിവരുന്നു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ നിർദ്ദേശപ്രകാരമുള്ള നിരക്കുകളാണ് മലബാർ കാൻസർ സെന്റർ ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളിലെ കാസ്പ് പദ്ധതിയിലുൾപ്പെട്ട രോഗികൾക്കുള്ള സൗജന്യ ചികിത്സക്കായി നൽകുന്നത്. മലബാർ കാൻസർ സെന്റർ ഉൾപ്പെടെയുള്ള മൂന്ന് കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ സർജിക്കൽ പാക്കേജിന്റെ നിരക്ക് നിശ്ചയിക്കുന്നതിനായി സർൽക്കാർതലത്തിൽ ഒരു യോഗം നടത്തിയിരുന്നു. ഈ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ യോഗം നടത്തി, ഒരു ഏകീകൃത സർജിക്കൽ നിരക്ക് നിശ്ചയിച്ച് സർക്കാരിനെ

വിവരം അറിയക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. കാരുണ്യാ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് മലബാർ കാൻസർ സെന്റർ ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സ്ഥാപനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കാസ്റ്റ് ഔട്ട്ഓഫ് പാക്കേജ് എന്ന രീതിയിൽ നൽകുന്ന കാര്യത്തിൽ പരിശോധിച്ച് എത്രയുംപെട്ടെന്ന് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ശ്രമിക്കുന്നതാണ്.

(9) <u>തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം</u>

<u>ശ്രീ.കുറുക്കോളി മൊയ്തീൻ</u>: സർ, തിരൂരിലുള്ള ജില്ലാ ആശുപത്രിയിൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ള ഓങ്കോളജി ഡിപ്പാർട്ടുമെന്റിൽ ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളും ജീവനക്കാരെയും നിയമിക്കണമെന്ന് ആവശ്യപ്പെടുന്നതിനുള്ളതാണ് ഈ സബ്മിഷൻ. മലബാറിലെത്തന്നെ വളരെ പഴക്കമുള്ള ഒരു സർക്കാർ ആശുപത്രിയാണ് തിരൂരിലെ ജില്ലാ ആശുപത്രി. 1918-ലാണ് ഈ ആശുപത്രി പ്രാഥമിക ആരോഗ്യകേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നത്. പത്ത് വർഷത്തോളമായി ഇത് ജില്ലാ ആശുപത്രിയായി ഉയർത്തിയെങ്കിലും അതിനനുസരിച്ചുള്ള മാറ്റങ്ങളൊന്നും ആ ആശുപത്രിയിൽ ഉണ്ടായിട്ടില്ല.

താലൂക്ക് ആശുപത്രി എന്ന ബോർഡ് മാറ്റി ജില്ലാ ആശുപത്രി എന്നാക്കിമാറ്റിയെന്നല്ലാതെ മറ്റ് മാറ്റങ്ങളൊന്നും വന്നിട്ടില്ല. ഈ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുമെന്ന ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഈ സഭയിൽത്തന്നെ ഉറപ്പിൽ ഞങ്ങൾ വളരെ സന്തോഷവാന്മാരാണ്. ഈ ആശുപത്രിയിൽ എത്തിച്ചേരുന്ന രോഗികളുടെ പ്രത്യേകിച്ച് കാൻസർ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ഒരു ഓങ്കോളജി വിഭാഗം മെച്ചപ്പെട്ട രീതിയിൽ ഇവിടെ ആരംഭിക്കണമെന്ന് കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്താണ് തീരുമാനിച്ചത്. ആയതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംരംഭത്തിനാവശ്യമായ കെട്ടിടങ്ങൾക്കുള്ള ഭരണാനുമതി 2015-ൽ നൽകുകയുണ്ടായി. 2020 മേയ് മാസം പണി പൂർത്തീകരിക്കുമെന്നായിരുന്നു വ്യവസ്ഥയെങ്കിലും അതിന്റെ അവസാനഘട്ടത്തിലാണ് ഇപ്പോഴുള്ളത്. ബേസ്മെന്റ് ഉൾപ്പെടെ 9 നിലകളിലായി 7734 ച.മീ. വിസ്തൃതിയിലുള്ള കെട്ടിടത്തിന് 52.85 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരണത്തിനടുത്താണുള്ളത്. ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും മെഷിനറികൾ വാങ്ങിക്കുകയും ചെയ്യണം. NABARD

ഫണ്ടനുവദിക്കാമെന്ന് പറഞ്ഞിട്ടുമുണ്ട്. ഏറ്റവും ആധുനികമായ ഉപകരണങ്ങളാണ് പറഞ്ഞിട്ടുള്ളത്. linear accelerator (LINAC) സൗകര്യങ്ങളോടുകൂടിയ ഓങ്കോളജി ബ്ലോക്ക് എന്നതാണ് തീരുമാനം. പതിനായിരത്തോളം കാൻസർ രോഗികൾ എത്തിച്ചേരുന്ന ഈ ആശുപത്രിയിൽ നിലവിൽ ഒരു ഡോക്ടർ മാത്രമാണുള്ളത്. മഞ്ചേരി മെഡിക്കൽ കോളേജിൽനിന്നും ആഴ്ചയിൽ രണ്ടുദിവസം മറ്റൊരു ഡോക്ടർ വന്നുപോകുന്നുവെന്ന് മാത്രം. നിലവിൽ കാൻസർ വിഭാഗത്തിന് രണ്ട് ഡോക്ടർമാരെയും 5 നേഴ്സുമാരെയും ആവശ്യമുണ്ടെങ്കിലും അധികമായി ആരെയും നിയമിച്ചിട്ടില്ല എന്ന ദുഃഖംകൂടി ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുമുമ്പ് മെഷിനറികൾ എത്തിക്കണം. അല്ലാത്തപക്ഷം കെട്ടിടത്തിന്റെ ചുമരുകൾ പൊളിച്ച് മെഷീനുകൾ ഉള്ളിലേയ്ക്ക് പ്രവേശിപ്പിക്കേണ്ടി വരും. ബേസ്മെന്റിന്റെ പണികൾ പൂർത്തീകരിക്കണമെങ്കിൽത്തന്നെ മെഷീനുകൾ എത്തിക്കുകയും അവയുടെ സാങ്കേതിക വിദഗ്ധർ കൂടെയുണ്ടാവുകയും ചെയ്യേണ്ടതുണ്ട്. നിലവിൽ മലപ്പുറം ജില്ലയിൽ കാൻസർ ചികിത്സക്ക് മഞ്ചേരി മെഡിക്കൽ കോളേജ്, തിരൂർ, നിലമ്പൂർ, പെരിന്തൽമണ്ണ എന്നീ

ആശുപത്രിളിലിലാണ് ഇപ്പോൾ നിലവിൽ സൗകര്യങ്ങളുള്ളത്. പാവങ്ങളായ ആളുകൾക്ക് ഉയർന്ന ചികിത്സക്കായി ആർ.സി.സി.യിലേയ്ക്കും വെല്ലൂരിലേയ്ക്കുമാണ് സാധാരണയായി പോകാറുള്ളത്. തിരൂരിൽ ഒരു ഓങ്കോളജി ബ്ലോക്ക് പ്രവർത്തിപഥത്തിലെത്തുന്നതോടെ അവർക്കൊരു വലിയ ആശ്വാമായി മാറും. LINAC മെഷീൻ വരുന്നതോടെ ആധുനിക ചികിത്സാ രീതികൾ അവലംബിക്കാനുമാകും. കീമോ ചെയ്യുന്ന രോഗികൾക്ക് രോഗമുള്ള കേന്ദ്രം മാത്രമേ ഈ ചികിത്സകൊണ്ട് കരിയുകയുള്ളൂ. എന്നാൽ നിലവിലുള്ള സംവിധാനമനുസരിച്ച് പാർശ്വഭാഗങ്ങൾകൂടി കരിക്കേണ്ടി വരാറുണ്ടെന്ന ദുഃഖകരമായ അവസ്ഥയുണ്ട്. മലപ്പുറം ജില്ലയിൽ ഒരിടത്തും റേഡിയേഷൻ ചെയ്യാനുള്ള അവസരം ഇന്നില്ല. LINAC മെഷീൻ എത്തുന്നതോടെ ഇതിനും പരിഹാരമാകും. മലബാറിന് പൊതുവിലും 45 ലക്ഷത്തോളം ജനങ്ങളുള്ള മലപ്പുറ ജില്ലയ്ക്ക് പ്രത്യേകിച്ചും ഗുണം ചെയ്യുന്ന ഈ സംവിധാനം പെട്ടെന്ന് പൂർത്തീകരിച്ചുതരുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇതിനുവേണ്ടി മന്ത്രിയുടെയും ഇതുമായി ബന്ധപ്പെട്ടവരുടെയും യോഗം വിളിക്കുന്നതിന് പലയാവർത്തി ആവശ്യപ്പെടുകയും നാല് തവണ തീയതി തീരുമാനിക്കുയും ചെയ്തിരുന്നുവെങ്കിലും ദൗർഭാഗ്യവശാൽ പലകാരണങ്ങളാൽ

അത് നീണ്ടുപോയിട്ടുണ്ട്. അതിനുള്ള തീയതി കുറിക്കുകയും എത്രയുംപെട്ടെന്ന് മെഷിനറി സാധനങ്ങൾ എത്തിക്കുകയും അവിടേയ്ക്കാവശ്യമായ ജീവനക്കാരെ നിയമിക്കാനുള്ള തീരുമാനമുണ്ടാക്കുകയും വേണമെന്ന് വളരെ താഴ്മയോടുകൂടി വിനീതമായി ആവശ്യപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 1918-ലാണ് നിലവിലുള്ള തിരൂർ സർക്കാർ ആശുപത്രി ഡിസ്പെൻസറിയായി ആരംഭിക്കുന്നത്. 2011-ലാണ് ഈ ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തപ്പെട്ടത്. നിലവിൽ ഈ ആശുപത്രിയിൽ കോവിഡ്, കോവിഡേതര ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. 7 വെന്റിലേറ്റർ ഐ.സി.യു. സൗകര്യം ഒരുക്കിയിട്ടുള്ള ഇവിടെ കോവിഡ് ചികിത്സ മികച്ച രീതിയിൽ നൽകി വരുന്നുണ്ട്. ജനറൽ മെഡിസിൻ, അസ്ഥിരോഗ വിഭാഗം, ഇ.എൻ.ടി., കണ്ണ് രോഗ വിഭാഗം, മാനസികാരോഗ്യ വിഭാഗം, ഇ.എം.ആർ, ശിശു രോഗ വിഭാഗം, കാൻസർ രോഗ വിഭാഗം, പൾമണോളജി, സർജറി, ഉദരരോഗ വിഭാഗം, ദന്തൽ രോഗ വിഭാഗം തുടങ്ങിയ സ്പെഷ്യാലിറ്റി

സംവിധാനങ്ങളും ഇവിടെ ലഭ്യമാണ്. പ്രതിദിനം 36 രോഗികൾക്ക് ഡയാലിസിസ് നൽകിവരുന്നുണ്ട്. കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് സജ്ജമാക്കിയിട്ടുള്ള ബ്ലഡ് ബാങ്ക് ഈ ആശുപത്രിയിൽ നിലവിലുണ്ട്. മലപ്പുറം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന കൃത്രിമ അവയവ നിർമ്മാണ യൂണിറ്റ് ഈ ആശുപത്രിയിലാണുള്ളത്. ജില്ലയിലെ ഏറ്റവും മികച്ച ഫിസിയോതെറാപ്പി യൂണിറ്റ് ഇവിടെയുണ്ട്. ഹീമോഫീലിയ, അരിവാൾരോഗം, തലസ്സീമിയ തുടങ്ങിയ ജനിതക രോഗങ്ങൾക്കായുള്ള ഡിസ്ട്രിക്ട് ഡേ കെയർ സെന്റർ ഈ ആശുപത്രിയിലാണ് പ്രവർത്തിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പി.എം. കെയർ പദ്ധതി മുഖാന്തരം ഓക്സിജൻ പ്ലാന്റ് ഈ ആശുപത്രിയിൽ തയ്യാറായിട്ടുണ്ട്. 30 ഡോക്ടർമാർ ഉൾപ്പെടെ 210 സ്ഥിരം ജീവനക്കാരും ഈ ആശുപത്രിയിലുണ്ട്. ഇതിനുപുറമെ എൻ.എച്ച്.എം. മുഖാന്തരം 40 താൽക്കാലിക ജീവനക്കാരുടെയും എച്ച്.എം.സി. വഴി 34 പേരുടെയും ആർ.എസ്.ബി.വൈ. മുഖാന്തരം 12 പേരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വിഭാഗങ്ങളിലായി 11 ഡോക്ടർമാർ, 6 ലാബ്

ടെക്നീഷ്യന്മാർ, 5 സ്റ്റാഫ് നേഴ്സുമാർ, 2 റേഡിയോ ഗ്രാഫർമാർ ഉൾപ്പെടെ 20 പുതിയ തസ്തികകൾ തിരൂർ ജില്ലാ ആശുപത്രിയിൽ സൃഷ്ടിക്കുകയുണ്ടായി. തിരൂർ ജില്ലാ ആശുപത്രിയിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കാൻസർ ചികിത്സാ ബ്ലോക്ക് സ്ഥാപിക്കുന്നതിനായി 52.85 കോടി രൂപയുടെ ഭരണാനുമതി 27-11-2015-ൽ നൽകുകയുണ്ടായി. കെട്ടിട നിർമ്മാണത്തിനായുള്ള സിവിൽ, ഇലക്ട്രിക്കൽ, മറ്റ് അനുബന്ധ പ്രവൃത്തികൾ ധ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. സംസ്ഥാനം നടപ്പിലാക്കിവരുന്ന കാൻസർ കൺട്രോൾ സ്ട്രാറ്റജിയുടെ ഭാഗമായുള്ള കർമ്മപദ്ധതി പ്രകാരം മികവിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളെ വിവിധ തട്ടുകളായി തരംതിരിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതുപ്രകാരം തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ റിസർച്ച് സെന്റർ എന്നിവ അതാത് മേഖലയിലെ മികവിന്റെ കേന്ദ്രങ്ങളായും മെഡിക്കൽ കോളേജുകൾ ലെവൽ 1 ആശുപത്രികളായും ജില്ലാ ആശുപത്രികൾ ലെവൽ 2 ആശുപത്രികളുമായാണ് തരംതിരിച്ചിരിക്കുന്നത്. മലപ്പുറം ജില്ലയിലെ

തിരൂർ ജില്ലാശുപത്രിയിലും പെരിന്തൽമണ്ണ ജില്ലാശുപത്രിയിലും നിലമ്പൂർ താലൂക്കാശുപത്രിയിലും എടവണ്ണ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സീതി ഹാജി കാൻസർ നിർണ്ണയ ചികിത്സ സെന്ററിലും കീമോതെറാപ്പി അടക്കമുള്ള കാൻസർ ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇവിടെ ഉന്നയിച്ച വിഷയത്തിൽ ഒരു യോഗം ചേരുന്നതിന് ബഹുമാനപ്പെട്ട അംഗവും മലപ്പുറം ജില്ലയുടെ ചുമതലക്കൂടിയുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അബ്ദുറഹിമാനും ആവശ്യപ്പെട്ടിട്ടുണ്ട്. വൈകാതെതന്നെ യോഗം നടത്തുന്നതാണ്. തിരൂർ ജില്ലാശുപത്രിയിൽ നിലവിലുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രത്യേക കാൻസർ ചികിത്സാ വിഭാഗം ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന കാൻസർ കൺട്രോൾ ബോർഡിന്റെ വിദഗ്ദ്ധാഭിപ്രായം തേടിയശേഷം സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (10) തുരുത്തി ഇൻഡോർ സ്റ്റേഡിയം

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഗ്രാമപഞ്ചായത്താണ് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്. ആ പഞ്ചായത്തിൽ മെച്ചപ്പെട്ടൊരു കളിസ്ഥലമില്ല എന്നത് വളരെ പ്രധാനപ്പെട്ടൊരു ആവശ്യമായി കഴിഞ്ഞ കാലങ്ങളിലെല്ലാം ഉയർന്നുവന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജനെ ഗ്രാമപഞ്ചായത്തിന്റെ ഭാരവാഹികളും നാട്ടുകാരും കാണുകയും പാപ്പിനിശ്ശേരി തുരുത്തിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഇൻഡോർ സ്റ്റേഡിയം അന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അത് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ജനങ്ങളെല്ലാം വലിയ പ്രതീക്ഷയിലാണ്. നിരന്തരമായി ഈ കാര്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നുണ്ട്. ഈ സ്റ്റേഡിയം പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. വി. സുമേഷിന്റെ പ്രതീക്ഷയ്ക്ക് ഒട്ടും മങ്ങലേൽക്കേണ്ടതില്ലെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. കാരണം പാപ്പിനിശ്ശേരി പഞ്ചായത്തിലെ തുരുത്തിയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 5 കോടി രൂപ കഴിഞ്ഞ സർക്കാർ അനുവദിച്ചതാണ്. ഇതുമായി ബന്ധപ്പെട്ട് കായിക യുവജനക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പാപ്പിനിശ്ശേരി തുരുത്തിലെ നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് പ്രാഥമിക പരിശോധന നടത്തുകയും പ്രസ്തുത സ്ഥലം ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന മണ്ണ് പരിശോധനാ സർവ്വേ പൂർത്തിയാക്കുകയും ചെയ്തതാണ്. കണ്ണൂർ എഞ്ചിനീയറിംഗ് വിഭാഗം സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കി ലഭ്യമാക്കിയാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഇത്തരത്തിലുള്ള

കളിക്കളങ്ങൾ 'കളിമുറ്റം' എന്ന പേരിൽ  ഉറപ്പുവരുത്തുന്ന പദ്ധതിയും ഇതിന്റെകൂടെത്തന്നെയാണ് നടന്നുവരുന്നത്. അതുകൊണ്ട് നിശ്ചിത സമയത്തിനുള്ളിൽത്തന്നെ ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി പൂർത്തിയാക്കുമെന്ന് അറിയിക്കുകയാണ്.